**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 422** **23-07-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത മരംമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനധികൃതമായി മുറിച്ച് നീക്കം ചെയ്യപ്പെട്ടിട്ടുള്ള മരങ്ങളുടെ കണക്കുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | വനം വകുപ്പ് പ്രാഥമികമായ അന്വേഷണം നടത്തിയിട്ടുണ്ട്. 24.10.2020 ലെ സർക്കാർ ഉത്തരവ് (കൈ) നം. 261/2020/റവ ദുർവ്യാഖ്യാനം ചെയ്ത് പട്ടയഭൂമിയിലെ മരങ്ങൾ മുറിച്ചതിനെ സംബന്ധിച്ച് വനം വകുപ്പ് പ്രാഥമിക അന്വേഷണം നടത്തുകയും ഈ വിഷയത്തിന്മേൽ തുടരന്വേഷണം ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തി വരികയുമാണ്. |
| (ബി) | ഇടനിലക്കാർക്ക് കൊള്ള ലാഭം കൊയ്യാൻ വഴി തുറന്ന മരംമുറി വിവാദത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | അനധികൃതമരംമുറിയുമായി ബന്ധപ്പെട്ട എല്ലാ ആരോപണങ്ങളിലും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരികയാണ്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പുതിയ സാഹചര്യത്തിൽ കർഷകർക്ക് അവകാശപ്പെട്ട ജന്മാവകാശമുള്ള ഭൂമിയിലെ മരങ്ങൾ പോലും മുറിക്കുന്നതിനുള്ള അനുമതി നിഷേധിക്കുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | ഉത്തരവിലെ അവ്യക്തത മൂലം കർഷകരെ ദുരിതത്തിലാക്കുന്ന തരത്തിൽ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ പുന:പരിശോധിക്കുമോ; വിശദീകരിക്കുമോ ? | (ഡി) | കർഷകരെ ദുരിതത്തിലാക്കുന്ന നടപടികൾ ഒന്നും തന്നെ വനം വകുപ്പ് സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ